കേരള അഡ്വക്കേറ്റ് ജനറൽ ഓഫീസിന് സ്പെഷ്യൽ റൂൾസ്

32 (4311) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഡ്വക്കേറ്റ് ജനറൽ ഓഫീസിന് മാത്രമായി സ്പെഷ്യൽ റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്പെഷ്യൽ റൂൾസിന്റെ കരടിന് 1997-ൽ ഗവൺമെന്റ് അംഗീകാരം നൽകിയിരുന്നുവോ ;

(ഡി) ഈ റൂൾസ് ഗസറ്റിൽ പ്രസിദ്ധികരിച്ച് നടപ്പിലാക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ ?

ഉത്തരം

(എ & ബി) കേരള അഡ്വ. ജനറൽ ഓഫീസിൽ ഗസറ്റഡ് തസ്തികയിലേയ്ക്കുള്ള നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. എന്നാൽ സബോർഡിനേറ്റ് സർവ്വീസിനുവേണ്ടി സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) അഡ്വ. ജനറൽ ഓഫീസിലെ സബോർഡിനേറ്റ് സർവ്വീസിനു വേണ്ടിയുള്ള സ്പെഷ്യൽ റൂൾസിന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) കരട് സ്പെഷ്യൽ റൂൾസിന്റെ അന്തിമരൂപം ആയിട്ടില്ല.

അഡ്വക്കേറ്റ് ജനറൽ ഓഫീസിന് പ്രത്യേക മാനുവൽ നിർമ്മിക്കുന്നതിന് നടപടി

33 (4312) ശ്രീ. തേന്മല രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ജോലി സംബന്ധിച്ച നടപടിക്രമങ്ങളും സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള മറ്റ് ഓഫീസുകളിലെ ജോലി സംബന്ധിച്ച നടപടിക്രമങ്ങളും തുല്യമാണോ ;

(ബി) പ്രസ്തുത ഓഫീസിലെ ജോലികൾ സംബന്ധിച്ച നടപടി ക്രമങ്ങൾക്ക് ഏതെല്ലാം ഓഫീസ് മാനുവലുകളാണ് ബാധകമാക്കിയിട്ടുള്ളത് ;

ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രസ്തുത ഓഫീസിലെ ജോലികൾക്കായി സ്വീകരിക്കുന്നപക്ഷം ഇവിടെയുള്ള ജോലികൾ മെച്ചപ്പെട്ട നിലയിൽ നിർവ്വഹിക്കുവാൻ കഴിയുമോ ;

(ഡി) പ്രസ്തുത ഓഫീസിലെ ജോലിയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് ഒരു കരട് ഓഫീസ് മാന്വലിന് രൂപം നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്നാണ് രൂപം നൽകിയത് ;

(എഫ്) ഇല്ലെങ്കിൽ അഡ്വ. ജനറൽ ഓഫീസിന് മാത്രമായി ഒരു ഓഫീസ് മാന്വൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വ്യത്യസ്തമാണ്.

(ബി) സെക്രട്ടേറിയറ്റ് മാന്വലും, എം. ഒ. പി.യും 1978-ലെ കേരള ഗവ. ലാ ഓഫീസേഴ്സ് റൂൾസും അഡ്വ. ജനറൽ ഓഫീസിന് ബാധകമാക്കിയിട്ടുണ്ട്.

(സി) ഈ മാന്വൽ പ്രകാരമുള്ള നടപടിക്രമം സ്വീകരിക്കുന്നത് കൊണ്ടുമാത്രം അഡ്വ. ജനറൽ ഓഫീസിലെ ജോലികൾ മെച്ചപ്പെട്ട നിലയിൽ നിർവ്വഹിക്കാൻ കഴിയുകയില്ല.

(ഡി) അഡ്വ. ജനറൽ ഓഫീസിലെ ജോലിയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് ഒരു ഓഫീസ് മാന്വലിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്.

(ഇ) ഓഫീസ് മാന്വലിന്റെ കരടിന് രൂപം നൽകിയത് 1976-ൽ ആണ്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

അഡ്വക്കേറ്റ് ജനറൽ ഓഫീസിന് കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി

34 (4313) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ;

(ബി) പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്നത് പഴയ മിലിട്ടറി ബാരക്കിലാണോ ;

(സി) ഈ ഓഫീസിന് കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിനെക്കുറിച്ച് ഹൈക്കോടതി, അഡ്വക്കേറ്റ് ജനറൽ സ്റ്റാഫ് പ്രതിനിധികൾ എന്നിവരുടെ യോഗം ചേർന്നിരുന്നോ ;

(ഡി) പ്രസ്തുത യോഗത്തിൽ വച്ച് ഹൈക്കോടതി മന്ദിരങ്ങളിൽനിന്നും 57,848 സ്കയർഫീറ്റ് സ്ഥലം അഡ്വക്കേറ്റ് ജനറൽ ഓഫീസിനുവേണ്ടി നൽകുവാൻ തീരുമാനിക്കുകയുണ്ടായോ ;

(ഇ) എങ്കിൽ പ്രസ്തുത സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly